# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം,

ഉത്തരവ് നം. ഇ7-11602/12 തീയതി:21/4/2012

---

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II - വി.ടി.സി. സൂപ്പർവൈസർ - ലെയ്സൺ ആഫീസർ - തസ്തികകളിലേക്കുള്ള സ്ഥലംമാറ്റം - ഉദ്യോഗക്കയറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :-

1. 10-08-2010 ലെ സർക്കാർ ഉത്തരവ് നം.(പി)-54/2010/SWD.
2. 26-02-2011 ലെ സർക്കാർ ഉത്തരവ് നം. (പി)85/11/ഫിൻ.
3. ഈ കാര്യാലയത്തിലെ 28-02-2009 ലെ ഇ9-45951/08 നമ്പർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 19/3/2012 ലെ ഇ9/45761/2011 നമ്പർ ഉത്തരവ്.
5. ഈ കാര്യാലയത്തിലെ 04-2012 ലെ ഉത്തരവ് നമ്പർ ഇ7-11600/2012.

നാലാം പരാമർശിത ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II തസ്തികകളിൽ സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്നു. അതേ തുടർന്ന് ഗ്രേഡ് II തസ്തികയിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് ചുവടെ പേര് പറയുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്.

1. ശ്രീ. എൻ. കുമരേശൻ ആശാരി.
2. ശ്രീമതി പി. ബിജി.
3. ശ്രീ. കെ.ജെ. രാജു.
4. ശ്രീമതി കെ.എൽ. ഷൈനി
5. ശ്രീ. ഇ. അബ്ദുൾ റഷീദ്
6. ശ്രീ. പി.പി. അബ്ദുൾ ഖരീം.
7. ശ്രീ. പി.പി. നാരായണൻ
8. ശ്രീ. ജോസഫ് റിബല്ലോ

പരാമർശം രണ്ടിലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം വി.റ്റി.സി. സൂപ്പർവൈസർ, ലെയ്സൺ ആഫീസർ എന്നീ തസ്തികകളുടെ ശമ്പള സ്കെയിൽ 14620 - 25280 ഉം ക്ഷേമ സ്ഥാപന ഗ്രേഡ് II ന്റെ ശമ്പള സ്കെയിൽ 15380 - 25900 ഉം ആണ്. വി.റ്റി.സി. സൂപ്പർവൈസർ ലെയ്സൺ ആഫീസർ എന്നിവരുടെ ശമ്പള സ്കെയിൽ ഗ്രേഡ് II സൂപ്രണ്ടിനേക്കാൾ താഴെയാണെന്നതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ സീനിയറായ ജീവനക്കാരെ 15380 - 25900 ശമ്പള സ്കെയിലിൽക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലും ജൂനിയറായ ജീവനക്കാരെ വി.റ്റി.സി. സൂപ്പർവൈസർ ലെയ്സൺ ആഫീസർ തസ്തികയിൽ 14620-25280/- രൂപ ശമ്പള സ്കെയിലിൽ കെ.എസ്. & എസ്.എസ്.ആർ. ചട്ടം 31 എ (1) പ്രകാരം താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗക്കയറ്റ ഉത്തരവിന് മുന്നോടിയായി ചുവടെ ചേർത്തിട്ടുള്ള സ്ഥലംമാറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്ഥലം മാറ്റം | | | |
|---|---|---|---|
| ക്രമ ന ം | ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
| 1. | ശ്രീ. സാദിഖ്.എസ്. സൂപ്രണ്ട് ഗ്രേഡ് II, ആശാഭവൻ മെൻ, കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, ആലപ്പുഴ. | അപേക്ഷ |
| 2. | ശ്രീമതി എൻ.പി. ബിന്ദു സൂപ്രണ്ട് ഗ്രേഡ് II, ഒബ്സർവേഷൻ ഹോം (ഗേൾസ്) കോഴിക്കോട് | സൂപ്രണ്ട്, ആശാഭവൻ (സ്ത്രീകൾ) കോഴിക്കോട്. (അശാഭവൻ സൂപ്രണ്ട് ഗ്രേഡ് I ന്റെ പൂർണ്ണ അധിക ചുമതല. | |

| ഉദ്യോഗക്കയറ്റം | | | |
|---|---|---|---|
| ക്രമ ന ം | ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
| 1. | ശ്രീ. N. കുമരേശൻ ആശാരി, പി.ഡി. ടീച്ചർ, ഗവ. ജുവനൈൽ ഹോം, കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് II, ഗവ. വൃദ്ധ വികലാംഗ സദനം പാലക്കാട്. | |
| 2. | ശ്രീമതി P. ബിജി, പി.ഡി. ടീച്ചർ, ഗവ. ജുവനൈൽ ഹോം, കൊല്ലം | സൂപ്രണ്ട് ഗ്രേഡ് II, ഒബ്സർവേഷൻ ഹോം, തിരുവനന്തപുരം | |
| 3. | ശ്രീ. കെ.ജെ. രാജു, പി.ഡി. ടീച്ചർ, ഗവ. ജുവനൈൽ ഹോം, കൊല്ലം | സൂപ്രണ്ട് ഗ്രേഡ് II, ഒബ്സർവേഷൻ ഹോം, പത്തനംതിട്ട | |
| 4. | ശ്രീമതി K.L. ഷൈനി, പി.ഡി. ടീച്ചർ, ഗവ. ജുവനൈൽ ഹോം, തിരുവനന്തപുരം. | സൂപ്രണ്ട് ഗ്രേഡ് II, ഒബ്സർവേഷൻ ഹോം (ഗേൾസ്), കോഴിക്കോട്. | |
| 5. | ശ്രീ. ഇ. അബ്ദുൾ റഷീദ്, സൂപ്പർവൈസർ, വി.ടി.സി. തിരുവനന്തപുരം | സൂപ്രണ്ട് ഗ്രേഡ് II, ആശാഭവൻ മെൻ, കോഴിക്കോട്. | |
| 6. | ശ്രീ. പി.പി. അബ്ദുൾ ഖരീം, സോഷ്യൽ സയിന്റിസ്റ്റ്, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് | സൂപ്രണ്ട് ഗ്രേഡ് II, സി.എച്ച്.ഡി.സി. തലശ്ശേരി. | |
| 7. | ശ്രീ. പി.പി. നാരായണൻ, ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ, ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, കാസർഗോഡ്. | സൂപ്പർവൈസർ, വി.ടി.സി. തിരുവനന്തപുരം | |
| 8. | ശ്രീ. ജോസഫ് റിബല്ലോ, ഹെഡ് അക്കൗണ്ടന്റ്, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് | സോഷ്യൽ സയിന്റിസ്റ്റ്, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്. | |

ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ള ജീവനക്കാരുടെ വിടുതൽ/പ്രവേശനം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ട ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലനത്തിനും അർഹത ഉണ്ടായിരിക്കും.

വിടുതൽ/പ്രവേശന തീയതി ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച ജിവനക്കാർ രണ്ടുവർഷത്തിൽ ഒരു വർഷത്തെ ഡ്യൂട്ടികാലയളവ് പ്രൊബേഷനിൽ ആയിരിക്കും. ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് അതായത് അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായിട്ടില്ലാത്ത ഉദ്യോഗസ്ഥർ പ്രൊബേഷൻ കാലയളവിനുള്ളിൽ അക്കൗണ്ട് ടെസ്റ്റ് ലോവർ പാസ്സായിരിക്കേണ്ടതുമാണ്.

സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ട ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടനടി വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന തീയതികൾ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യക്ഷേമ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.
ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

പകർപ്പ് ഃ-

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
2. എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.
3. എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും.
4. ഡയറക്ടർ/അഡി.ഡയറക്ടറുടെ സി.എ.മാർക്ക്.
5. സൂപ്രണ്ട്, ബി സെക്ഷൻ.
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്